പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*434

26.06.2019-ൽ
മറുപടിയ്ക്ക്

## സ്വാശ്രയ വിദ്യാഭ്യാസ മേഖലയുടെ നിലവാരമുയർത്താൻ നടപടി

*ചോദ്യം*

ശ്രീ.വി.ടി.ബൽറാം
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
ശ്രീ. ഷാഫി പറമ്പിൽ
ശ്രീ. വി.എസ്.ശിവകുമാർ

*ഉത്തരം*

ഡോ.കെ.ടി. ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ മികവും സാമൂഹ്യനീതിയും തുല്യതയും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ മികവും സാമൂഹ്യ നീതിയും, തുല്യതയും ഉറപ്പ് വരുത്തുന്നതിനായി കുറഞ്ഞ ഫീസിൽ കുട്ടികൾക്ക് പഠിക്കുന്നതിനുള്ള അവസരം ഒരുക്കുക, അക്കാദമിക അടിസ്ഥാന സൗകര്യം ഉറപ്പാക്കുക, യോഗ്യതയുള്ള അദ്ധ്യാപകരുടെ സേവനം ഉറപ്പാക്കുക, പുതിയ കോഴ്സുകൾ ആരംഭിക്കാൻ അനുമതി നൽകുക, അക്രെഡിറ്റേഷൻ നേടുക തുടങ്ങിയവയ്ക്ക് ഊന്നൽ നൽകിയിട്ടുണ്ട്. കൂടാതെ പഠനം പാതിവഴിയിൽ ഉപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ പക്കൽ നിന്നും ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കരുത്, വാല്യൂ ആഡഡ് കോഴ്സുകൾക്ക് വിദ്യാർത്ഥികളിൽ നിന്നും അധികഫീസ് ഈടാക്കരുത്, എ.ഐ.സി.റ്റി.ഇ യുടെ Tuition Fee Waiver Scheme -ൽ 5% |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികളെ നിർബന്ധമായും പ്രവേശിപ്പിച്ച് അവർക്ക് ഫീസിളവ് അനുവദിച്ച് കൊടുക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>എല്ലാ അഫിലിയേറ്റഡ് സ്ഥാപനങ്ങളിലും ആന്റി റാഗിംഗ് സെൽ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട് എന്നും ഉറപ്പ് വരുത്താറുണ്ട്. |
| (ബി) | സ്വാശ്രയ എഞ്ചിനീയറിംഗ് മേഖലയിൽ അക്കാദമിക അടിസ്ഥാന സൗകര്യം കോളേജുകൾ ഒരുക്കുന്നുണ്ടെന്നും യോഗ്യതയുള്ള അദ്ധ്യാപകർ പ്രസ്തുത സ്ഥാപനത്തിലുണ്ടെന്നും ഏത് വിധത്തിലാണ് ഉറപ്പ് വരുത്തുന്നതെന്ന് അറിയിക്കുമോ; | (ബി) | ഓരോ വർഷവും എ.ഐ.സി.റ്റി.ഇ പുറത്തിറക്കുന്ന Approval Process Handbook -ലെ നിബന്ധനകൾക്ക് അനുസൃതമായിട്ടാണ് കോളേജുകൾക്ക് അഫിലിയേഷൻ നൽകുന്നത്. സർവ്വകലാശാല അഫിലിയേഷൻ നൽകുന്നതിന് മുമ്പായി കോളേജുകളിൽ വിദഗ്ധരെ ഉൾപ്പെടുത്തി കർശന പരിശോധന നടത്തി അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്താറുണ്ട്. കോളേജുകളിലെ അക്കാദമിക് നിലവാരം ഉറപ്പുവരുത്തുന്നതിനായി വർഷത്തിൽ രണ്ടുതവണ അക്കാദമിക് ഓഡിറ്റ് നടത്തിവരുന്നു. രാജ്യത്തെ ഒന്നാംനിര സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദഗ്ധർ നേതൃത്വം നൽകുന്ന ക്ലസ്റ്റർ കമ്മിറ്റികൾ അക്കാദമിക് നിലവാരം ഉറപ്പുവരുത്തുന്നു. കൂടാതെ സ്ഥാപനങ്ങൾ നടത്തുന്നതിന് |

| | | | |
|---|---|---|---|
| | | | എ.ഐ.സി.റ്റി.ഇ യുടെ നിബന്ധനകൾ കൃത്യമായി പാലിക്കണമെന്ന് എല്ലാ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>എഞ്ചിനീയറിംഗ് അദ്ധ്യാപകരായി എം.ടെക് യോഗ്യതയുള്ളവരെ മാത്രമേ നിയമിക്കാവൂ എന്നും - അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:20 ആക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, നിയമിക്കുന്ന അദ്ധ്യാപകരിൽ 20% മാത്രമേ കരാർ അല്ലെങ്കിൽ താൽക്കാലിക നിയമനം പാടുള്ളൂ എന്നും നിർദ്ദേശിച്ചിട്ടുണ്ട്. |
| (സി) | ആകെ അനുവദിച്ച എഞ്ചിനീയറിംഗ് സീറ്റുകളിൽ നാല്പത് ശതമാനം ഒഴിഞ്ഞുകിടക്കുന്ന സാഹചര്യവും നിലവാരമില്ലാത്ത എഞ്ചിനീയറിംഗ് കോളേജുകളുടെ എണ്ണം വർഷംതോറും കൂടി വരുന്നതും ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ; | (സി) | ഉണ്ട്. കരിക്കുലം പരിഷ്കരണം ഉൾപ്പെടെയുള്ള അക്കാദമിക് നിലവാരം ഉയർത്തുന്ന പ്രവർത്തനങ്ങൾ കേരള സാങ്കേതിക ശാസ്ത്ര സർവകലാശാല നടത്തി വരുന്നു. എഞ്ചിനീയറിംഗ് കോളേജുകളിലെ ഗുണനിലവാരം മെച്ചപ്പെടുത്തുവാനായി എല്ലാ കോളേജുകളും accreditation ന് വിധേയമാകണം എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനം, ഗവേഷണ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനജനകമായ ക്യാമ്പസ് |

| | | | |
|---|---|---|---|
| | | | അന്തരീക്ഷം ഉറപ്പുവരുത്തൽ എന്നീ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുന്നുണ്ട്. സാങ്കേതിക നൈപുണ്യ വികസനത്തിനായുള്ള പ്രവർത്തനങ്ങൾ അസാപ്പിന്റെ സഹായത്തോടു കൂടി ആരംഭിച്ചിട്ടുണ്ട്. അദ്ധ്യാപകർക്ക് മികച്ച പരിശീലനം നൽകി പാഠ്യ പ്രക്രിയയുടെ നിലവാരം ഉയർത്തുന്നതിനും വിദ്യാർത്ഥികളുടെ സ്വയം സംരംഭകത്വ പ്രവർത്തനങ്ങൾക്ക് വേണ്ട സൗകര്യം നൽകാനും നടപടികൾ സ്വീകരിക്കുന്നുണ്ട്. എഞ്ചിനീയറിംഗ് വിദ്യാഭ്യാസത്തിന്റെ നിലവാരത്തകർച്ച ഉണ്ടാക്കുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിന്റെ ഭാഗമായി, എ.ഐ.സി.ടി.യുടെ മാതൃക കരിക്കുലത്തെ അടിസ്ഥാനപ്പെടുത്തി 2019 ജൂൺ മുതൽ ബി.ടെക് പാഠ്യപദ്ധതിയിൽ കാതലായ മാറ്റങ്ങൾ വരുത്താൻ എ.പി.ജെ അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവകലാശാല തീരുമാനിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ പഠനഭാരം ലഘൂകരിക്കുന്നതിനും കൂടുതൽ പ്രായോഗിക പരിചയം നേടുന്നതിനും അവസരങ്ങൾ ഒരുക്കുന്നതിലും സർവ്വകലാശാല ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. 2019 ജൂൺ മുതൽ ബി.ടെക് പാസ്സാകാൻ ആവശ്യമായ ക്രെഡിറ്റ് 182 ൽ നിന്ന് 162 ആയി |

| | | | |
|---|---|---|---|
| | | | കുറയ്ക്കാൻ തീരുമാനിച്ചു. ഓരോ പേപ്പറിനും ജയിക്കാൻ വേണ്ട മാർക്ക് 45 ൽ നിന്നും 40 ആക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു സെമസ്റ്ററിൽ 6 മൊഡ്യൂൾ എന്നത് 5 ആക്കാനും 7, 8 സെമസ്റ്ററിൽ ഇന്റേൺഷിപ്പിന് കൂടുതൽ സൗകര്യമൊരുക്കാൻ ക്രെഡിറ്റുകളുടെ എണ്ണം 15 ആക്കുന്നതിനും ഇന്റേണൽ മാർക്കിന്റെ മിനിമം പരിധി ഒഴിവാക്കുന്നതിനും കലാകായിക മികവിന് ഗ്രേസ് മാർക്ക് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |
| (ഡി) | എഞ്ചിനീയറിംഗ് വിദ്യാഭ്യാസ മേഖലയിലെ നിലവാരം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്ത ജസ്റ്റിസ് ദിനേശൻ കമ്മിറ്റിയുടെ ശിപാർശകൾ ഇതിനകം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതൊക്കെ ശിപാർശകളാണ് നടപ്പിലാക്കുവാനുള്ളതെന്ന് അറിയിക്കുമോ? | (ഡി) | ജസ്റ്റിസ് ദിനേശൻ കമ്മിറ്റിയുടെ ശിപാർശകൾ സർക്കാർ തത്ത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ ഉൾപ്പെടുത്തി സ്വാശ്രയ നിയമ നിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

[signature]

സെക്ഷൻ ഓഫീസർ